(സി) കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരത്ത് ബോർഡിന്റെ ഉടമസ്ഥതയിലുള്ള 261.78 സെന്റ് ഭൂമിയിൽ 27 പ്ലോട്ടുകൾ വികസിപ്പിക്കുകയും 25 പ്ലോട്ടുകൾ വില്പന നടത്തുകയും ചെയ്തിട്ടുണ്ട്. കോട്ടയം ജില്ലയിലെ അയർക്കുന്നത്ത് ബോർഡിന്റെ ഉടമസ്ഥതതയിലുള്ള 206 സെന്റ് വിസ്തീർണ്ണമുള്ള ഭൂമിയിൽ 12 പ്ലോട്ടുകൾ വികസിപ്പിച്ചിട്ടുണ്ട്.

ചെറുകിട വ്യവസായ സംരംഭങ്ങൾ

81 (5886) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വന്തം നിലയിൽ ആരംഭിക്കുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് അറിയിക്കാമോ ;

(ബി) എന്തെല്ലാം ഇനങ്ങളിലുള്ള വ്യവസായ സംരംഭങ്ങൾക്കാണ് ഇപ്രകാരം സഹായങ്ങളും സബ്സിഡികളും ലഭിക്കുന്നതെന്ന് അറിയിക്കാമോ ;

(സി) ചേർത്തല താലൂക്കിൽ എന്തെല്ലാം സ്വകാര്യ ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് സഹായങ്ങളും സബ്സിഡികളും ഈ സർക്കാർ കാലയളവിൽ അനുവദിച്ചു ; ഇതിന്റെ വിശദവിവരങ്ങൾ നൽകാമോ ?

ഉത്തരം

(എ) ചെറുകിട വ്യവസായ സംരംഭകരെയും സംരംഭം തുടങ്ങിയവരെയും സഹായിക്കുന്നതിനുവേണ്ടി ബോധവൽക്കരണ ക്ലാസ്സുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, MSME ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്മെന്റ് പരിശീലനം, ഊർജ്ജിത വ്യവസായ വൽക്കരണ പദ്ധതി എന്നിവ ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാ, സംസ്ഥാനതലങ്ങളിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന നടത്തിവരുന്നു.

കൂടാതെ സൂക്ഷ്മ ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ആരംഭിച്ചവർക്ക് അവരുടെ നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലും സ്റ്റാർട്ട്അപ് സഹായം, നിക്ഷേപ സഹായം, സാങ്കേതിക സഹായം എന്നിവയും സംരംഭകത്വ സഹായ പദ്ധതി (ESS) മുഖേന നൽകിവരുന്നു.

(ബി) നെഗറ്റീവ് ലിസ്റ്റിൽപ്പെടാത്ത ഉല്പാദന മേഖലയിലെ MSME യൂണിറ്റുകൾക്ക് സബ്സിഡിയും MSME Act പ്രകാരമുള്ള എല്ലാ വ്യവസായങ്ങൾക്കും സാമ്പത്തികേതര സഹായങ്ങളും നൽകാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യ-സംസ്കരണ വ്യവസായങ്ങൾ, വന വിഭവ വ്യവസായങ്ങൾ, കൈക്കടലാസ്-നാരുൽപ്പന്ന വ്യവസായങ്ങൾ, ധാതുവ്യവസായങ്ങൾ, രാസ വ്യവസായങ്ങൾ, ഗ്രാമീണ എഞ്ചിനീയറിംഗ്-ജൈവ സാങ്കേതിക വ്യവസായങ്ങൾ, ടെക്സ്റ്റൈൽ ഉൾപ്പെടെയുള്ള സേവന വ്യവസായങ്ങൾ എന്നിവയ്ക്ക് പി.എം.ഇ.ജി.പി. മുഖേന സഹായം നൽകിവരുന്നു.

(സി) പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ

82 (5887) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത സ്ഥാപനങ്ങളിൽ നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത നിയമനങ്ങൾക്ക് സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദമാക്കുമോ ;

(ഡി) ഇവയിൽ സ്ഥിര നിയമനങ്ങളുടെയും താല്ക്കാലികം/കരാർ നിയമനങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) എംപ്ലോയ്മെന്റ് മുഖാന്തരം പ്രസ്തുത സ്ഥാപനങ്ങളിൽ നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി-ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

എം.എസ്.കെ.നഗറിൽ നടപ്പിലാക്കുന്ന സ്വയംപര്യാപ്ത കോളനി പദ്ധതി

83 (5888) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly